"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പരിസ്ഥിതി വകുപ്പ് - സംസ്ഥാന പരിസ്ഥിതി ആഘാത നിർണ്ണയ അതോറിറ്റിയിൽ ഡാറ്റാ എൻട്രി ഓപ്പറേറ്ററായി സേവനം അനുഷ്ഠിക്കുന്ന ശ്രീമതി.ലതി.ആർ, ശ്രീമതി.ജിഫ്ന.എസ്.എ. എന്നിവരുടെ കരാർ കാലാവധി ദീർഘിപ്പിച്ച് നൽകി ഉത്തരവാകുന്നു.

---

**പരിസ്ഥിതി (എ) വകുപ്പ്**

സ.ഉ.(സാധാ) നം.98/2025/ENVT തീയതി,തിരുവനന്തപുരം, 24-09-2025

---

പരാമർശം :- സംസ്ഥാന പരിസ്ഥിതി ആഘാത നിർണ്ണയ അതോറിറ്റി അഡ്മിനിസ്ട്രേറ്ററുടെ 05.08.2025 തീയതിയിലെ SEIAA/147/2025-ASST 2 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

സംസ്ഥാന പരിസ്ഥിതി ആഘാത നിർണ്ണയ അതേറിറ്റിയിൽ ഡേറ്റ എൻട്രി ഓപ്പറേറ്റർ തസ്തികയിൽ കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്തിരുന്ന ശ്രീമതി.ലതി.ആർ., ശ്രീമതി.ജിഫ്ന.എസ്.എ എന്നിവർക്ക് നൽകിയിരുന്ന കരാർ കാലാവധി യഥാക്രമം 09.10.2025-നും 18.10.2025-നും അവസാനിക്കുന്നതിനാൽ, എംപ്ലോയ്മെൻ്റ് എക്സ്ചേഞ്ച് മുഖേന പുതിയ നിയമനം നടക്കുന്നത് വരെയുള്ള കാലയളവിൽ ദിവസ വേതന അടിസ്ഥാനത്തിൽ ടി ജീവനക്കാരുടെ സേവനം തുടരുവാനുള്ള അനുമതി നൽകണമെന്ന് സംസ്ഥാന പരിസ്ഥിതി ആഘാത നിർണ്ണയ അതോറിറ്റി അഡ്മിനിസ്ട്രേറ്റർ ശുപാർശ ചെയ്തിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന പരിസ്ഥിതി ആഘാത നിർണ്ണയ അതോറിറ്റിയിൽ ഡാറ്റാ എൻട്രി ഓപ്പറേറ്ററായി സേവനം അനുഷ്ഠിക്കുന്ന ശ്രീമതി.ലതി.ആർ, ശ്രീമതി.ജിഫ്ന.എസ്.എ. എന്നിവരുടെ കരാർ കാലാവധി അവസാനിക്കുന്ന 09.10.2025, 18.10.2025 എന്നീ തീയതികൾക്ക് ശേഷം ഒന്നോ രണ്ടോ പ്രവർത്തി ദിവസത്തെ ഇടവേള നൽകി യഥാക്രമം 13.10.2025, 21.10.2025 മുതൽ ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**UNNIKUTTAN S S**

അണ്ടർ സെക്രട്ടറി

1. അഡ്മിനിസ്ട്രേറ്റർ, സംസ്ഥാന പരിസ്ഥിതി ആഘാത നിർണ്ണയ അതോറിറ്റി

2. ശ്രീമതി.ലതി.ആർ. (സംസ്ഥാന പരിസ്ഥിതി ആഘാത നിർണ്ണയ അതോറിറ്റി അഡ്മിനിസ്ട്രേറ്റർ മുഖേന).

3. ശ്രീമതി.ജിഫ്‌ന .എസ്.എ (സംസ്ഥാന പരിസ്ഥിതി ആഘാത നിർണ്ണയ അതോറിറ്റി അഡ്മിനിസ്ട്രേറ്റർ മുഖേന).

4. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ, (ആഡിറ്റ് /എ & ഇ), കേരള.

5. ധനകാര്യ എക്സ്പെൻഡിച്ചർ (ബി) വകുപ്പ് (EXP-B3/332/2024-Fin)

6. ഡയറക്ടർ ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ് (ഔദ്യാഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി).

7. കരുതൽ ഫയൽ/ഓഫീസ് കോപ്പി. (ENVT-A1/177/2025-ENVT)

ഉത്തരവിൻ പ്രകാരം

Signed by
Royi J
Date: 26-09-2025 10:41:23

സെക്ഷൻ ഓഫീസർ